LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ടി വർഷം കേന്ദ്രപൂളിൽനിന്നും കെ.എസ്.ഇ.ബി.-യുടെ പെരിഫെറിയിൽ പ്രതിദിനം ശരാശരി 27 ദശലക്ഷം യൂണിറ്റ് വൈദ്യുതി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതുകൂടാതെ എനർജി എക്സ്ചേഞ്ച്, വൈദ്യുതി വ്യാപാരികൾ, മറ്റ് മേഖലയിലുള്ള വൈദ്യുതി ഉത്പാദകർ തുടങ്ങിയ വിവിധ സ്രോതസ്സുകളിൽനിന്നും ഹ്രസ്വകാലാടിസ്ഥാനത്തിൽ പ്രതിദിനം ശരാശരി 12 ദശലക്ഷം യൂണിറ്റോളം വൈദ്യുതി വാങ്ങിക്കുന്നതിനാണ് വൈദ്യുതി ബോർഡ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി&ഡി) വിവിധ വൈദ്യുതി വ്യാപാരികളിൽനിന്ന് ഹ്രസ്വകാലാടിസ്ഥാനത്തിൽ 1500 മെഗാവാട്ട് വൈദ്യുതി വാങ്ങി ഉപയോഗിക്കാൻ കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും പ്രസരണ ഇടനാഴിയുടെ അപര്യാപ്തമൂലം മറ്റു മേഖലകളിൽനിന്ന് വൈദ്യുതി എത്തിക്കുന്നതിന് ഓപ്പൺ അക്സസ് ലഭിക്കുന്നില്ല. കൂടുതൽ വൈദ്യുതി സംസ്ഥാനത്തിന്റെ പുറത്തുനിന്നും കൊണ്ടുവരുന്നതിനുവേണ്ടി പ്രസരണ ഇടനാഴി ലഭ്യമാക്കുന്നതിനായി താഴെപ്പറയുന്ന വിവിധ നടപടികൾ വൈദ്യുതി ബോർഡ് സ്വീകരിച്ചിട്ടുണ്ട്:

1. മീഡിയം ടേം ഓപ്പൺ അക്സസ്, ഷോർട്ട് ടേം ഓപ്പൺ അക്സസ് ഇവ കേന്ദ്ര വൈദ്യുത റെഗുലേറ്ററി കമ്മീഷന്റെ ചട്ടങ്ങൾ പ്രകാരം നൽകണമെന്ന് അപേക്ഷിച്ചുകൊണ്ട് രണ്ട് പരാതികൾ കേന്ദ്ര വൈദ്യുത റെഗുലേറ്ററി കമ്മീഷന് നൽകിയിട്ടുണ്ട്.
2. കൂടുതൽ വൈദ്യുതി തമിഴ്നാട്, കേരളം ഉൾപ്പെടെയുള്ള എസ് 2 മേഖലയിൽനിന്നും വാങ്ങുന്നതിനും അങ്ങനെ പ്രസരണ ഇടനാഴിയുടെ അപര്യാപ്തമൂലമുള്ള പ്രതിസന്ധി പരിഹരിക്കാനും നടപടികൾ സ്വീകരിച്ചുവരുന്നു.
3. കേന്ദ്രപൂളിൽനിന്നും കൂടുതൽ വൈദ്യുതി ലഭ്യമാക്കുന്നതിന് ഗവൺമെന്റ് തലത്തിൽ നടപടികൾ എടുത്തുവരുന്നു.

ഊർജ്ജ സംരക്ഷണ പദ്ധതികൾ

5 (7841) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ സംരക്ഷണത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾമൂലം ഓരോ വർഷവും എത്ര മെഗാവാട്ട് വൈദ്യുതി ലാഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1. വിവിധ മേഖലകളിൽ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനായി വിവിധതരം ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

2. വ്യവസായശാലകളിൽ ഊർജ്ജകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേക്കായി നിർബന്ധ ഊർജ്ജ ആഡിറ്റിങ് HT/EHT ഉപഭോക്താക്കൾക്ക് നടപ്പിലാക്കിവരുന്നു.

3. വ്യവസായശാലകളിൽ ഊർജ്ജ ആഡിറ്റ് നടത്തുന്നതിനായി ഇരുപത്തി യേഴോളം ഊർജ്ജ ആഡിറ്റർമാരെ എംപാനൽ ചെയ്തിട്ടുണ്ട്.

4. വ്യവസായശാലകളിൽ ഊർജ്ജകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേക്കായുള്ള പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി കെ.എഫ്.സി. മുഖാന്തരം 6% പലിശ നിരക്കിൽ വായ്പകൾ നൽകിവരുന്നു.

5. സർക്കാർ ആഫീസുകളിൽ വൈദ്യുത ഉപഭോഗം കുറയ്ക്കുന്നതിനായി 29 സർക്കാർ ആഫീസുകളിൽ ഊർജ്ജ ആഡിറ്റിങ് നടത്തുകയും ഏഴ് സർക്കാർ ആഫീസുകളിൽ ഊർജ്ജകാര്യക്ഷമത കുറഞ്ഞ ഉപകരണങ്ങൾ മാറ്റി പകരം വൈദ്യുത ഉപഭോഗം കുറഞ്ഞ ഊർജ്ജകാര്യക്ഷമത കൂടിയ ഉപകരണങ്ങൾ സ്ഥാപിക്കുകയും ചെയ്തു.

6. ഗാർഹിക മേഖലയിൽ ഊർജ്ജ ഉപയോഗം കുറയ്ക്കുന്നതിലേക്കായി ഊർജ്ജ ക്ലിനിക് പ്രോഗ്രാം നടപ്പിലാക്കിവരുന്നു. വിദ്യാർത്ഥികളിൽ ഊർജ്ജസംരക്ഷണ അവബോധം വളർത്തുന്നതിലേക്കായി സ്മാർട്ട് എനർജി പ്രോഗ്രാം നടപ്പിലാക്കിവരുന്നു. ഇതിനു പുറമെ ഊർജ്ജ സംരക്ഷണവുമായി ബന്ധപ്പെട്ട് വിവിധയിനം മത്സരപരിപാടികളും നടപ്പിലാക്കിവരുന്നു.

7. വിവിധ മേഖലകളിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടപ്പിലാക്കിവരുന്ന സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡ് നൽകി ആദരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

8. ഊർജ്ജകാര്യക്ഷമത കൂടിയ തെരുവു വിളക്കുകളുടെ പ്രചാരം വർദ്ധിപ്പിക്കുന്നതിനായി കേരളത്തിലെ 60 മുനിസിപ്പാലിറ്റികളിലും 5 കോർപ്പറേഷനുകളിലും 45 watts ശേഷിയുള്ള 100 വീതം എൽ.ഇ.ഡി. അധിഷ്ഠിതമായ തെരുവുവിളക്കുകൾ സ്ഥാപിച്ച് പ്രവർത്തനക്ഷമ മാക്കിയിട്ടുണ്ട്.

9. ഊർജ്ജസംരക്ഷണത്തിനായി പൊതുജനങ്ങളുടെ പങ്കാളിത്തത്തോടും സഹകരണത്തോടും കൂടി 'ലാഭപ്രഭ' എന്ന ബൃഹത്തായ പ്രചാരണ പരിപാടിക്ക് 2013 മാർച്ച് 23-ന് കെ.എസ്.ഇ.ബി. തുടക്കം കുറിച്ചു. ലാഭപ്രഭയോടൊപ്പം നോ-ലോഡ്ഷെഡ്ഡിംഗ് ക്യാമ്പയിൻ എന്ന പദ്ധതിയും നടപ്പിലാക്കി. വൈദ്യുതി ലാഭിക്കുന്നതിനനുസരിച്ച് ഉപഭോക്താവിന്റെ വൈദ്യുതി ചെലവ് കുറയുകയും ലാഭിച്ച വൈദ്യുതിയുടെ പകുതി മടക്കിക്കൊടുക്കുകയും ചെയ്യുന്നതാണ് പദ്ധതിയുടെ പ്രത്യേകത.

10. ഊർജ്ജസംരക്ഷണം സംസ്ഥാനത്ത് നടപ്പിലാക്കുന്നത് ലക്ഷ്യമിട്ട് സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ, റസിഡൻസ് അസോസിയേഷനുകൾ തുടങ്ങിയവ കേന്ദ്രീകരിച്ച് വിവിധ പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു.

11. ഊർജ്ജസംരക്ഷണവുമായി ബന്ധപ്പെട്ട് നടപ്പാക്കിയ " നാളേക്കിത്തിരി ഊർജ്ജം" (സ്കൂൾ കുട്ടികളിലൂടെ നടപ്പിലാക്കിയത്) എന്ന പദ്ധതിയിലൂടെയും വൈദ്യുതി ഉപഭോഗത്തിൽ കുറവ് വന്നിട്ടുണ്ട്.

12. ഊർജ്ജസംരക്ഷണവുമായി ബന്ധപ്പെട്ട് ഊർജ്ജക്ഷമത ഉറപ്പുവരുത്തുന്നതിനും കാര്യക്ഷമതയോടുകൂടിയ വൈദ്യുതി ഉപഭോഗം പ്രോത്സാഹിപ്പി ക്കുന്നതിനും വൈദ്യുതി ശൃംഖലയിലെ വൈദ്യുതി നഷ്ടം പരമാവധി കുറയ്ക്കുന്നതിനും മെച്ചപ്പെട്ട വൈദ്യുതി തടസ്സം കൂടാതെ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് വേണ്ടി കെ.എസ്.ഇ.ബി.-ൽ Energy Savings Co-ordination Team (ESCOT) എന്ന ഒരു വിഭാഗം രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ മേഖലയിലുള്ള ഉപഭോക്താക്കളിൽ എനർജി ആഡിറ്റ് നടത്തി ഊർജ്ജ ഉപയോഗം കുറയ്ക്കുന്ന പ്രവർത്തനങ്ങളിൽ ESCOT ഏർപ്പെടുന്നു. അതുപോലെ, വൈദ്യുതി ശൃംഖലയിലെ ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനുവേണ്ടിയുള്ള വിവിധ പഠനങ്ങളിലും ഈ വിഭാഗം ഏർപ്പെടുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1 മുതൽ 8 വരെയുള്ള നടപടികൾ മുഖാന്തരം 2011-12 കാലഘട്ടങ്ങളിൽ 152 Mu, 2012-13-ൽ 115 Mu (മില്യൻ യൂണിറ്റ്) ഊർജ്ജലാഭം ഉണ്ടാക്കുവാൻ സാധിച്ചിട്ടുണ്ടെന്ന് കണക്കാക്കുന്നു. 2013 മാർച്ച് 23-ന് ആരംഭിച്ച് മേയ് 31-ന് അവസാനിച്ച "ലാഭപ്രഭ" ക്യാമ്പയിൻ പീരിയഡിൽ ആകെ 13,98,750 യൂണിറ്റിന്റെ കുറവ് രേഖപ്പെടുത്തി. 24 ഫീഡറുകൾ കേന്ദ്രീകരിച്ച് നടത്തിയ നോ-ലോഡ് ഷെഡ്ഡിംഗ് ക്യാമ്പയിനിൽ പത്ത് ഫീഡറുകളിൽ നിന്നുമാത്രമായി 8.82 ലക്ഷം യൂണിറ്റിന്റെ ലാഭവും രേഖപ്പെടുത്തി. മൊത്തം ലാഭം: ഉദ്ദേശം 22,80,750 യൂണിറ്റ്. "നാളേക്കിത്തിരി ഊർജ്ജം" പരിപാടിയിലൂടെ 4 മില്യൻ യൂണിറ്റ് വൈദ്യുതി ലാഭിക്കാൻ സാധിച്ചിട്ടുണ്ട്.

വൈദ്യുതി ദൗർലഭ്യവും സംസ്ഥാനത്തിന്റെ പുരോഗതിയും

6 (7842) ശ്രീ. എളമരം കരീം :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിയുടെ ദൗർലഭ്യം സംസ്ഥാനത്തിന്റെ പുരോഗതിക്ക് വിഘാതമാകുന്നതായി വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) അധികൃതരുടെ അനാസ്ഥയും ആസൂത്രണത്തിലെ അപാകതയും വൈദ്യുതി ദൗർലഭ്യത്തിന് കാരണമാകുന്നതായ ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ ;

(ഡി) വിവിധ സംരംഭകർ സംസ്ഥാനത്ത് മുതൽമുടക്കുന്നതിൽ വൈദ്യുതി പ്രതിസന്ധി വിഘാതമാകുന്നതായി സർക്കാർ കരുതുന്നുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ-സി) ഈ വർഷം മൺസൂൺ മഴയിലുണ്ടായ കുറവുമൂലവും മറ്റ് മേഖലയിൽനിന്നും ദക്ഷിണേന്ത്യയിലേയ്ക്ക് വൈദ്യുതി കൊണ്ടുവരുന്നതിന് പ്രസരണ ഇടനാഴിയുടെ അപര്യാപ്തത നിലനിൽക്കുന്നതിനാലും സംസ്ഥാനത്ത് വൈദ്യുതി ദൗർലഭ്യം നിലവിലുണ്ട്. ടി പ്രതിസന്ധി അധികൃതരുടെ അനാസ്ഥ കൊണ്ടോ ആസൂത്രണ പിഴവുകൊണ്ടോ ഉണ്ടായിട്ടുള്ളതല്ല.

(ഡി) നിലവിൽ സംസ്ഥാനത്ത് ലോഡ്ഷെഡ്ഡിംഗോ പവർകട്ടോ ഏർപ്പെടുത്തിയിട്ടില്ല. സംസ്ഥാനത്ത് രൂക്ഷമായ വൈദ്യുതി പ്രതിസന്ധി ഉണ്ടെങ്കിലും കായംകുളത്ത് എൻ.റ്റി.പി.സി.യുടെ നാഫ്ത ഉപയോഗിച്ചുള്ള വൈദ്യുതി നിലയത്തിൽനിന്നും വൈദ്യുതി ബോർഡിന്റെ ബി.ഡി.പി.പി., കെ.ഡി.പി.പി. തുടങ്ങിയ ദ്രവ ഇന്ധന നിലയങ്ങളിൽനിന്നും കൂടുതൽ വിലയ്ക്ക് കൂടുതൽ വൈദ്യുതി ഉൽപാദിപ്പിച്ച് വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ വേണ്ട നടപടികൾ വൈദ്യുതി ബോർഡ് സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly